(എഫ്) കഴിഞ്ഞ ഒരു മാസക്കാലമായി താൽക്കാലിക ടെന്റുകളിൽ താമസിക്കുന്ന ഈ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കുന്നത് ;

(ജി) ഭൂചലനത്തെ തുടർന്ന് ബലക്ഷയം വന്നിട്ടുള്ള ഇരട്ട വീടുകൾ പൊളിച്ച് പുതിയ ഒറ്റ വീടുകൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) കോട്ടയം ജില്ലയിൽ ഭൂകമ്പ സമയത്ത് മരണപ്പെട്ടയാൾക്ക് 30,000 രൂപ നൽകിയിട്ടുണ്ട്. മറ്റ് നാശനഷ്ടങ്ങൾ പരിശോധിച്ച് തിട്ടപ്പെടുത്തിയശേഷം കേന്ദ്രഗവൺമെന്റിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി&ഇ) ഉണ്ട്. ചെങ്ങളം (കിഴക്ക്) വില്ലേജ് ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 19 വീടുകളുടെ ഭിത്തികൾക്ക് പല സ്ഥലത്തും പൊട്ടൽ ഉണ്ടായിട്ടുള്ളതായും ആയതിന് 39,500 രൂപ നഷ്ടം സംഭവിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) പുനരധിവസിപ്പിക്കേണ്ട സാഹചര്യം നിലവിലുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ജി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി**

**68 (881)** ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂചലനത്തോടനുബന്ധിച്ച് സുരക്ഷിതത്വം നഷ്ടപ്പെട്ടതായി ഗവൺമെന്റിന് റിപ്പോർട്ട് ലഭിച്ചിട്ടുള്ള എത്ര ഗവൺമെന്റ് സ്കൂൾ കെട്ടിടങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കെട്ടിടങ്ങളിൽ നിന്നും കുട്ടികളെ മാറ്റി മറ്റ് സ്ഥലങ്ങളിൽ പഠിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പുതുപ്പള്ളി ഗവൺമെന്റ് എൽ. പി. സ്കൂളിന്റെ രണ്ടുനില കെട്ടിടം സുരക്ഷിതത്വം ഇല്ലെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്താണ് അന്വേഷണ റിപ്പോർട്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) സുരക്ഷിതത്വം നഷ്ടപ്പെട്ട സ്കൂൾ കെട്ടിടത്തിനു പകരം കെട്ടിടം പണിയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

† അനുബന്ധം V



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 24 സ്കൂൾ കെട്ടിടങ്ങൾക്ക് കേട് സംഭവിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സ്കൂൾ കെട്ടിടം ക്ലാസുകൾ നടത്താൻ സുരക്ഷിതമല്ലെന്ന് ജില്ലാ പഞ്ചായത്തിന്റെ പി. ഡബ്ല്യു. ഡി. വിഭാഗം അറിയിച്ചിട്ടുണ്ട്.

(ഇ) സ്കൂൾ കെട്ടിടത്തിന്റെ മുകളിലത്തെ നില പൊളിച്ചുമാറ്റി മൂന്ന് മുറികളോടുകൂടിയ ഒരു പുതിയ കെട്ടിടം നിർമ്മിച്ച് നൽകാമെന്ന് ഐ. എച്ച്. ആർ. ഡി. ഡയറക്ടർ അറിയിച്ചതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**ഭൂകമ്പംമൂലം ഉണ്ടായ നഷ്ടങ്ങൾക്ക് ആശ്വാസ നടപടി**

**69 (882)** ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈയിടെ സംഭവിച്ച ഭൂകമ്പംമൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ആശ്വാസ നടപടികളുടെ ഭാഗമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; അതിലേയ്ക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഇതിലേയ്ക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഭൂകമ്പംമൂലം നാശനഷ്ടമുണ്ടാകുന്നവർക്ക് മറ്റ് പ്രകൃതിക്ഷോഭത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് നൽകുന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നാശനഷ്ടങ്ങൾ പരിശോധിച്ച് തിട്ടപ്പെടുത്തി കേന്ദ്രഗവൺമെന്റിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണ്.

(സി) കേന്ദ്രഗവൺമെന്റിൽ നിന്നും ഭൂകമ്പ ദുരിതാശ്വാസത്തിനായി പ്രത്യേക സഹായമൊന്നും ലഭിച്ചിട്ടില്ല.

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly